ക്കുകയാണ്. ആ കമ്പാർട്ടുമെൻറ് മാററിയശേഷം രാത്രിതന്നെ വണ്ടി പുറപ്പെടുകയുണ്ടായി. ഇന്നലെ തീവണ്ടി തടയൽ സമരം ഉണ്ടായിരുന്നുവെങ്കിലും എല്ലാ തീവണ്ടികളും കൃത്യസമയത്തുതന്നെ ഓടിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിച്ചിരുന്നു. ഈ സംഭവത്തെക്കുറിച്ച് ഗവൺമെൻറ് സമഗ്രമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംഭവത്തിൽ ആരാണ് കുററക്കാർ എന്ന് കണ്ടുപിടിക്കുന്നതിനുള്ള നടപടികളും. അന്വേഷണവും ഗവൺമെൻറു നടത്തിക്കൊണ്ടിരിക്കുകയാണ്.

(26) വർക്കലയിൽ ഒരു കുടുംബത്തിൻെറ നേർക്കുണ്ടായ ആക്രമണം

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, വർക്കലയിൽ നടന്ന അതിദാരുണമായ ഒരു സംഭവം ഞാൻ ആഭ്യന്തരവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മനുഷ്യൻ പിശാചാകും, മൃഗമാകും എന്നൊക്കെ കേട്ടിട്ടുണ്ട്., ഈ കാര്യത്തിൽ അതുതന്നെ സംഭവിച്ചു.

വർക്കലക്കടുത്തു വെട്ടൂർ എന്ന സ്ഥലത്തു അബുസാംബീവി എന്ന ഒരു പാവപ്പെട്ട സ്ത്രീയും അവരുടെ നാലഞ്ചു പെൺമക്കളും കനാൽ പുറമ്പോക്കിൽ താമസമുണ്ട്. അവരെ കഴിഞ്ഞ 19-ാം തീയതി രാത്രി ഒരു സംഘം ആളുകൾ ചേർന്ന് ആക്രമിച്ചു. അവരുടെ സഹോദരനായ ഇരുപത്തിമൂന്നു വയസ് പ്രായമുള്ള സലീം എന്ന യുവാവിനെ അവിടെവച്ച് വെട്ടിക്കൊന്നു. നാലു പെൺകുട്ടികൾ പരസ്യമായി ബലാൽസംഗം ചെയ്യപ്പെട്ടു. ബലാൽസംഗത്തിന് ഇരയായതിൽ ഒരു പെൺകുട്ടിയും അബുസാബീവിയും അവരുടെ കൈക്കുഞ്ഞുമായി ഇവിടെ നില്പുണ്ട്. ഞാൻ ആഭ്യന്തരമന്ത്രിക്ക് കാണിച്ചു കൊടുക്കാം. മററുള്ളവരെല്ലാം ആശുപത്രിയിലാണ്. ഈ സംഭവത്തിനുത്തരവാദി അവിടത്തെ ജുമാഅത്തിൻെറ പ്രസിഡൻറാണ്. അദ്ദേഹം ഒരു മതമൗലികവാദിയാണെന്ന് ഓർക്കുമ്പോൾ അത്യന്തം ഖേദം തോന്നുന്നു. ആ ജുമാഅത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിലാണ് ഈ നിഷ്ഠൂരമായ, ക്രൂരമായ സംഭവം നടന്നത്. ആ സംഭവത്തെ സംബന്ധിച്ച് കേരള കൗമുദി അടക്കമുള്ള പത്രങ്ങളിൽ വളരെ വിശദമായ വാർത്ത വന്നതാണ്. ഇതുസംബന്ധിച്ച് ഒരാളിനെപ്പോലും ഇതുവരെയും അറസ്റ് ചെയ്തിട്ടില്ല. രാഷ്ട്രീയ സ്വാധീനമാണ് കാരണം. അവരെല്ലാം ചന്ദ്രഹാസമിളക്കി നടക്കുകയാണ്. ഈ രാജ്യം എവിടേയ്ക്കാണ് പോകുന്നത്? അത്യന്തം ദാരുണമായ ഈ സംഭവത്തെക്കുറിച്ച് ഉടനടി അന്വേഷണം നടത്തുകയും അതിനുത്തരവാദിയായവരെ അറസ്റ് ചെയ്യുകയും വേണം. ആ ജുമാഅത്ത് പ്രസിഡൻറിനെ ഉടനെ കസ്റഡിയിലെടുക്കണം. ഇക്കാര്യത്തിൽ യാതൊരു ഒത്തുതീർപ്പുമില്ല. വർക്കലയിൽ ഇന്ന് പോലീസ് സബ് ഇൻസ്പെക്ടർ ഇല്ല. ഒരൊറ്റ പോലീസുകാരനും അവിടെ തിരിഞ്ഞു നോക്കിയിട്ടില്ല. ഈ സംഭവത്തെക്കുറിച്ച് അന്വേഷണംനടത്തി അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഡി.വൈ.എസ്. പി. യുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ട്. ഇതിൽ 10 പ്രതികൾ തിരിച്ചറിയാവുന്നവരാണ്. അവരെ കസ്റഡിയിൽ എടുക്കാനും നടപടികൾ സ്വീകരിക്കാനും എല്ലാ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഉടൻതന്നെ എല്ലാവിധമായ നടപടികളും പൂർത്തീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്.

(27) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇവ പ്രകാരം ലഭിക്കുന്ന ഉപയോഗശൂന്യമായ അരി

ശ്രീ. കെ. പങ്കജാക്ഷൻ : സർ, എൻ. ആർ. ഇ. പി., ആർ എൽ ഇ. ജി. പി ഇവ പ്രകാരം പണികൾ ഏറെറടുത്തു നടത്തുന്നതിൻെറ കൂലിയുടെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

കുറെ അരി നൽകുന്നുണ്ട്. കുറെയൊക്കെ ഭേദമായി പണികൾ നടന്നു വരുന്ന ഒരു ബ്ലോക്കാണ് വെള്ളനാട് ബ്ലോക്ക്. പണികൾ നടത്തിയ സമിതികളുടെ കൺവീനർമാർക്ക്, ദൂരെ സ്ഥലങ്ങളിലെ റേഷൻ ഷോപ്പുകളിൽ വിററഴിക്കാൻ കഴിയാത്തതും അവിടെ പുതുക്കി വച്ചിരുന്നതുമായ പുഴുക്കുത്തു വീണ പുഴുത്തുനാറിയ അരി ഏറെറടുത്തുകൊള്ളണമെന്ന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. അതിന് അവരെ അധികൃതർ നിർബന്ധിക്കുകയാണ്. ഒരുവിധം ഭേദമായി ഈ ബ്ലോക്കിൽ പണികൾ നടക്കുന്നുണ്ട്. ആ പണികൾ സ്തംഭനത്തിലാക്കുന്ന വിധത്തിലുള്ള ഇത്തരം പരിശ്രമം തടയണം. അതിന് അടിയന്തിരമായി കളക്ടർ മുഖാന്തിരം ബ്ലോക്ക് അധികൃതർക്ക് നിർദ്ദേശം നൽകണം എന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

സാമൂഹ്യ വികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ വേലായുധൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ തന്നെ ഈ വിഷയം ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നതിനെത്തുടർന്ന് സംസ്ഥാന സെക്രട്ടറി ഒരു സംയുക്ത കോൺഫറൻസ് വിളിച്ചുകൂട്ടി. ഡെവലപ്മെൻറ് സെക്രട്ടറി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ റീജിയണൽ മാനേജർ ശ്രീ. കെ. എൻ. എം. നായർ ഡെപ്യൂട്ടി മാനേജർ എ. എൽ. ശിവദാസ്, സിവിൽ സപ്ലൈസ് ഡയറക്ടർ ശ്രീ കെ. ബി. എ. ഹമീദ് തുടങ്ങിയ ആളുകൾ ഈ കോൺഫറൻസിൽ പങ്കെടുത്തിരുന്നു. ഇതിനെക്കുറിച്ച് വിശദമായി ചർച്ചചെയ്തത് തീരുമാനത്തിലെത്തിയിട്ടുണ്ട്.

The foodgrains issued to the labourers of NREP and R.L.E.G.P. is of the same stock that is issued under public distribution system. It was decided that hereafter the Food Corporation of India will supply only good quality of rice to DRDA for issuing to the coupon holders and the rise will be the same as that is issued under the Public Distribution System. ഇക്കാര്യം പറയുമ്പോൾ ബഹുമാനപ്പെട്ട സഭയെ ഒരു കാര്യം കൂടി അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അത് ഗോതമ്പിന്റേയും പുഴുക്കുത്തിൽ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുണ്ടായാൽ പ്രയോജനമുണ്ടാകുമെന്നുള്ള കരുതിയാണ്. അതിനെക്കുറിച്ച് പറയാൻ ബഹുമാനപ്പെട്ട ചെയർ എനിക്ക് ഒരു മിനിറ്റ് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

എഫ്. സി. ഐ. ഗോഡൗണിൽ നിന്നും അരി ഷിഫ്റ്റ് ചെയ്യുന്നതിന് ചാക്കൊന്നിന് 85 പൈസയാണ് കൂലി നിശ്ചയിച്ചിട്ടുള്ളത്. പക്ഷേ കേരളത്തിൽ 85 പൈസയ്ക്ക് അംഗീകൃത യൂണിയനുകൾ കയറിറക്കൊടുക്കുന്നില്ല. പല സ്ഥലങ്ങളിലും ഒരു ചാക്ക് കയറ്റുന്നതിന് രണ്ടര രൂപ മുതൽ പത്തരരൂപ വരെ പല ഇനങ്ങളിലായി കൂലി വാങ്ങുന്നുണ്ട്. അതായത് പെർമിറ്റ് എഴുതുന്നതിന്, മുറുന്നു തളിക്കുന്നതിന്, വെയിംങ്ങ് നടത്തുന്നതിന്, ചാക്ക് കുത്തിക്കെട്ടുന്നതിന്, വാച്ച്മാൻ, ഗാർഡ്നർക്ക്, മുപ്പന് തുടങ്ങിയ ഇനങ്ങളിൽ ഏതാണ്ട് ഇരുപത് മെട്രിക് ടൺ ഫുഡ് ഗ്രയിൻ കയറുമ്പോൾ അംഗീകൃത യൂണിയനുകൾക്കായി വലിയൊരു സംഖ്യ കൊടുക്കേണ്ടി വരുന്നു. ഈ സഭയിലെ ശ്രീ. എ. വി, താമരാക്ഷൻ പ്രസിഡൻറായിട്ടുള്ള യൂണിയനുണ്ട്. ആലപ്പുഴ ജില്ലാകളക്ടർ അതിനെക്കുറിച്ച് ചർച്ചകൾ നടത്തി. അതിനുശേഷം അവർ അഞ്ച് രൂപയ്ക്ക് കയറാമെന്ന് സമ്മതിച്ചു. ഈ സഭയിൽ വിവിധ പാർട്ടിയിൽപ്പെട്ടവരുണ്ട്. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പാർട്ടിയിൽപ്പെട്ട ട്രേഡ് യൂണിയനുകളും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി അനുവദിക്കുന്ന അരിയും ഗോതമ്പുംപോലും കയറ്റുമ്പോൾ അമിതമായ കൂലി ഈടാക്കുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഇതിനുവേണ്ടി കളക്ടർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകുമോ?

ശ്രീ. പി. കെ. വേലായുധൻ : തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നല്ല അരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(28) മല്ലപ്പള്ളി താലൂക്കിലെ കുടിവെള്ള ക്ഷാമം

ശ്രീ. ടി. എസ്. ജോൺ : സർ, മല്ലപ്പള്ളി താലൂക്കിൽ കുടിവെള്ള ക്ഷാമം വർദ്ധിച്ചിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ താലൂക്കിൽപ്പെട്ട എല്ലാ വില്ലേജുകളും പ്രോബ്ലം വില്ലേജുകളാണ്. വാട്ടർ സപ്ലൈ സ്കീം അവിടെയുണ്ടെങ്കിലും ഭാഗികമായി മാത്രമേ വെള്ളമുള്ളൂ. ഈ സ്കീം നടപ്പിലാക്കാത്ത പല വില്ലേജുകളുമുണ്ട്. ഭാഗികമായി സ്കീം നടപ്പിലാക്കിയ വില്ലേജുകളിലും പൂർണ്ണമായും നടപ്പിലാക്കാത്ത വില്ലേജുകളിലും ഈ സ്കീം നടപ്പിലാക്കി എത്രയും വേഗം ഈ താലൂക്കിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇപ്പോഴത്തെ വിവിധ ഘട്ടങ്ങളിലായി അതിന്റെ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. ഏഴാം പദ്ധതിയിൽ കംപ്ലീറ്റ് ചെയ്യാനുള്ള സ്കീമിന്റെ അലോട്ടുമെന്റുമായിട്ടുണ്ട്. കഴിയുംവേഗത്തിൽ പൂർത്തീകരിക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

(29) മയ്യനാട്-താന്നി പാലത്തിന്റെ നിർമ്മാണം

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഈ സഭയുടെ ശ്രദ്ധയിൽ പല തവണ പെടുത്തിയിട്ടുള്ള ഒരു കാര്യത്തെക്കുറിച്ച് ഞാൻ പറയുകയാണ്. മയ്യനാട് പ്രദേശത്തെ താന്നി പ്രദേശവുമായി ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് ഏകദേശം ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞു. ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ട് അഞ്ചുവർഷമായി, അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ട് നാലുവർഷമായി. അതുപോലെ ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നിട്ടും ടെൻഡർ വിളിക്കുന്നില്ല, പണി നടത്തുന്നതിന് മറ്റു നടപടികളൊന്നും സ്വീകരിക്കുന്നില്ല. വളരെ അവികസിതമായ ഒരു പ്രദേശമാണ് താന്നി. കൊല്ലം പട്ടണത്തിനും മയ്യനാട് പ്രദേശത്തിനുമിടയ്ക്കു കിടക്കുന്ന ഒരു പ്രദേശമാണിത്. അവിടെ പാലമില്ലാതെ വികസനപ്രവർത്തനങ്ങളൊന്നും സാദ്ധ്യമല്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഫിഷറീസിന്റെ ചുമതല വഹിച്ചിരുന്ന കാലത്താണ് ഇതിന്റെ ശ്രമങ്ങൾ ആരംഭിച്ചതാണ്. പിന്നീട് അത് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തു. ബഡ്ജറ്റിൽ ഇതിന് ടോക്കൺ പ്രൊവിഷൻ വർഷങ്ങളായി ഉൾപ്പെടുത്തിയിരുന്നു. സാമാന്യം ഭേദപ്പെട്ട തുകകൾ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷവും ഇരുപത്തിയഞ്ച് ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെൻഡർ വിളിക്കാനുള്ള ഏർപ്പാടുണ്ടാകണം

LIBRARY ARCHIVES Kerala Legislative Assembly